# അമ്മയെത്തേടി



രണ്ടായിരത്തിമൂന്ന് സപ്തംബറിൽ മാതാ അമൃതാനന്ദമയിയുടെ അമ്പതാം ജൻമദിനമായിരുന്നു. ദിനപത്രങ്ങളിലും ചാനലുകളിലും അത് വലിയ ആഘോഷമായി. മാതാ അമൃതാനന്ദമയിയുമായി അഭിമുഖം നടത്താൻ അവസരം കിട്ടിയപ്പോൾ ഞാൻ ചാടി വീണു. അതു ഞാൻ അമൃതാനന്ദമയി ഭക്തയായതുകൊണ്ടായിരുന്നില്ല. ആഗോളതലത്തിൽത്തന്നെ, മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പിന്തുണയില്ലാതെ ആത്മീയ രംഗത്ത് ഒറ്റയ്ക്ക് ഒരു പ്രസ്ഥാനം പടുത്തുയർത്തിയ മറ്റൊരു സ്ത്രീയില്ല. വള്ളിക്കാവിലെ അമൃതപുരി ആശ്രമത്തിൽ മാത്രം 1800 അന്തേവാസികളുണ്ടെന്നായിരുന്നു അന്നത്തെ കണക്ക്. എത്രയോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പേരു കേട്ട ആശുപത്രി, സാമൂഹിക സേവന സംരംഭങ്ങൾ. പിന്നെ, നേരോ നുണയോ എന്നു വേർതിരിച്ചറിയാത്ത ഒരായിരം കഥകൾ. വായിച്ചതും വാമൊഴിയായിക്കേട്ടതും ഒന്നുകിൽ കടുത്ത വിമർശനങ്ങളായിരുന്നു. അല്ലെങ്കിൽ കണ്ണടച്ചുള്ള വാഴ്ത്തുമൊഴികൾ. ഒരു നിർധന ദളിത് കുടുംബത്തിലെ സദാ തല്ലും ശകാരവുമേറ്റിരുന്ന, പത്താം ക്ലാസ് (എട്ടാം ക്ലാസ് എന്നു മറ്റു ചിലർ, വെറും നാലാം ക്ലാസ് എന്ന് ആശ്രമ അധികൃതർ) തോറ്റ് ട്യൂട്ടോറിയലിൽ പോയിരുന്ന പെൺകുട്ടിയെന്ന് ചിലർ, ഗർഭസ്ഥ ശിശുവായിരിക്കെത്തന്നെ ദിവ്യനായൊരു സന്ന്യാസിയാൽ ദൈവാംശം കൽപ്പിക്കപ്പെട്ട ജൻമമെന്നു മറ്റു ചിലർ. വാസ്തവത്തിൽ എന്താണ്, എങ്ങനെയാണ് അമൃതാനന്ദമയി എന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു.

ഓഗസ്റ്റ് 24നാണ് കൂടിക്കാഴ്ചയ്ക്കു വേണ്ടി ആദ്യം ശ്രമിച്ചത്. അതു ഞായറാഴ്ചയായിരുന്നു. ആശ്രമത്തിൽ അന്നു പബ്ലിക് റിലേഷൻസ് ചുമതലയുണ്ടായിരുന്ന സ്വാമി ധ്യാനാമൃത ചൈതന്യ പറഞ്ഞു, അന്ന് ദർശനമുള്ള ദിവസമാണ്. അമ്മയ്ക്ക് ഒഴിവുണ്ടാകുകയില്ല. ചൊവ്വാഴ്ചയാണ് ഉത്തമം. ചൊവ്വാഴ്ച അമ്മ ആശ്രമത്തിലെ അന്തേവാസികൾക്കായി മാറ്റി വച്ച ദിവസമാണ്. അന്നു വന്നോളൂ. അങ്ങനെ ഒരു ചൊവ്വാഴ്ച ഞാൻ ആശ്രമത്തിലെത്തി. വനിതയുടെ അന്നത്തെ ഫൊട്ടോഗ്രഫർ (പിൽക്കാലത്ത് 'ബെസ്റ്റ് ആക്ടർ' എന്ന സിനിമയുടെ സംവിധായകൻ) മാർട്ടിൻ പ്രക്കാട്ടും

ഒപ്പമുണ്ടായിരുന്നു. ഏതെങ്കിലുമൊരു ആശ്രമത്തിൽ ഞാൻ ഒരു ദിവസം ചെലവഴിക്കുന്നത് ആദ്യമായിട്ടായിരുന്നു. ഏതെങ്കിലുമൊരു പ്രസിദ്ധീകരണത്തിന് ആശ്രമത്തിൽ ഒരു പൂർണ ദിവസം ചെലവഴിക്കാൻ അവസരം കിട്ടിയതും ആദ്യമായിട്ടായിരുന്നു. കടത്തു കടന്ന് ആശ്രമത്തിന്റെ ആകാശത്തേക്കുയർന്നു നിൽക്കുന്ന എടുപ്പിനു മുന്നിലെത്തിയപ്പോൾ, ദർശനമില്ലാത്ത ദിവസമാണെങ്കിലും എല്ലായിടത്തും തിരക്കു കണ്ടു. വെള്ളയും മഞ്ഞയും ചുവപ്പും വസ്ത്രം ധരിച്ചവർ ധൃതിയിൽ നടന്നു. സുമുഖനും സൗമ്യനുമായ സ്വാമി ധ്യാനാമൃത ചൈതന്യയെ ഞങ്ങളാണോ അദ്ദേഹം ഞങ്ങളെയാണോ കണ്ടെത്തിയത് എന്ന് ഓർമയില്ല. പക്ഷേ അവിടെയെത്തിയതിനുശേഷം ഓരോ നിമിഷവും അദ്ദേഹം കൂടെത്തന്നെയുണ്ടായിരുന്നു എന്ന് ഓർമയുണ്ട്.

സാധാരണ ദിവസങ്ങളിൽ നാലരയ്ക്ക് ആശ്രമ ജീവിതം ആരംഭിക്കുമെന്നു സ്വാമി പറഞ്ഞു. ഭജനമണ്ഡപത്തിൽ ലളിതാസഹസ്രനാമാർച്ചനയോടെയാണ് ആശ്രമത്തിലെ ഒരു ദിവസത്തിന്റെ തുടക്കം. ഞങ്ങൾ ചെല്ലുമ്പോൾ അമ്മ ധ്യാനത്തിനു തയാറെടുക്കുകയായിരുന്നു. രാവിലെ ഒരു മണിക്കൂർ നീളുന്നതാണു ധ്യാനം. ആശ്രമത്തിൽ സ്ഥിരം അന്തേവാസികൾ ഉൾപ്പെടെ ആയിരത്തഞ്ഞൂറോളം പേർ വിദേശികളായിരുന്നു. നാട്ടുകാരായ അന്തേവാസികളും ഭക്തജനങ്ങളും വേറെ. അമ്മയ്ക്കായി ചുവന്ന പട്ടു വിരിച്ച പീഠം തയാറാക്കിയിരുന്നു. വെളുത്ത കുഷ്യൻ പിടിപ്പിച്ച ചാരുപടി. തൂവെള്ള വസ്ത്രം ധരിച്ച് ഷാളിന്റെ തലപ്പ് തലമുടിക്കെട്ടിനു മുകളിലൂടെ വലിച്ചിട്ട് അമ്മ നിശ്ചലമായ ഒരു വിഗ്രഹം പോലെ കാൽമുട്ടുകൾക്കു മേൽ കൈകൾ വച്ചു നിവർന്നിരുന്നു. അമ്മയിൽനിന്നു കണ്ണെടുക്കാതെ മൂവായിരത്തോളം വരുന്ന വിശ്വാസികളും ഇരുന്നു. ഹാളിനുള്ളിൽ സൂചി കുത്താൻ ഇടമുണ്ടായിരുന്നില്ല. ബാൽക്കണിയുടെ വരാന്തയിൽ വരെ ആളുകൾ നിറഞ്ഞിരുന്നു. ഹാളിനുള്ളിലേക്കുള്ള പ്രധാന പ്രവേശന ദ്വാരം ഭവദാരിണി ദേവീ ക്ഷേത്രമാണ്. ദേവീപ്രതിമകളും ചുമരുകളിൽ 'കൃഷ്ണഭാവവും' 'ദേവീഭാവവും' ദ്യോതിപ്പിക്കുന്ന ചിത്രങ്ങളുമുണ്ടായിരുന്നു.

ദർശനമണ്ഡപത്തിൽ ചുവന്ന പട്ടു വിരിച്ച പീഠത്തിലാണ് അമ്മ ഇരുന്നത്. ഇരിക്കുമ്പോൾ ഒറ്റനോട്ടത്തിൽ സാരിയും ബ്ലൗസുമെന്നും നടക്കുമ്പോൾ പാവാടയെന്നും തോന്നുന്ന ഒരു പ്രത്യേക വസ്ത്രമാണു വേഷം. കൈത്തണ്ട വരെ കയ്യിറക്കവും പാവാട പോലെ ഞൊറികളുമുള്ള ഒറ്റക്കുപ്പായമാണ് അത്. അതിനു മുകളിൽ വെള്ള ദാവണി പോലെ ഒരു ഷാൾ. തലമുടി പിന്നിൽ കൊണ്ട കെട്ടിയിരുന്നു. മുടിക്കെട്ടിനു മേലെ വലിച്ചിട്ട ഷാൾ ഇടയ്ക്കിടെ ഊർന്നുപോകുമ്പോൾ വിദേശികളായ ബ്രഹ്മചാരിണികൾ ഭക്തിയോടെ അതു നേരെയാക്കിക്കൊണ്ടിരുന്നു. നെറ്റിയിൽ വലിയൊരു ചന്ദനപ്പൊട്ടും നടുവിൽ കുങ്കുമം കൊണ്ട് മറ്റൊരു പൊട്ടുമാണ് മുഖത്തെ ചമയം. കാതിൽ ഒറ്റ രുദ്രാക്ഷത്തിന്റെ മൊട്ടുകമ്മൽ. കൈകളിൽ രുദ്രാക്ഷം കോർത്ത ചെറിയ വളയങ്ങൾ. കഴുത്തിൽ ഒറ്റ രുദ്രാക്ഷത്തിന്റെ മാല. മൂക്കിൽ തിളങ്ങുന്ന വൈരക്കല്ലു മൂക്കുത്തി. ചുറ്റും എന്തു സേവനത്തിനും സന്നദ്ധരായി ഭക്തർ ഏറെയുണ്ടായിരുന്നു. ഏറെയും വിദേശികളായ ബ്രഹ്മചാരിണികളായിരുന്നു. അമ്മ ധ്യാനിക്കുകയും സംസാരിക്കുകയും ചെയ്യുമ്പോൾ അമ്മയ്ക്കു ചാരിയിരിക്കാൻ ഐസ് ബാഗുകളോ ഹോട്ട് വാട്ടർ ബാഗുകളോ അവർ ഇടയ്ക്കിടെ കൈമാറിക്കൊണ്ടിരുന്നു. അമ്മ ദർശനത്തിനു തയാറായപ്പോൾ ഇടയ്ക്കിടെ മുഖം തുടച്ചുകൊടുക്കുകയും വലതു ചുമലിൽ പരിമളതൈലം പുരട്ടുകയും ചെയ്തു. വലതു ചുമലിൽ ചേർത്തുപിടിച്ച് അമ്മ ആലിംഗനം ചെയ്യുമ്പോൾ ഭക്തരിലേക്കും പകരുന്ന സുഖകരമായ ഗന്ധമായിരുന്നു തൈലത്തിന്.

അമ്മയെക്കാണാൻ വരുന്നവർ പലതരക്കാരാണെന്നും ആലിംഗനം ചെയ്ത് സമാശ്വസിപ്പിക്കുമ്പോൾ അവരുടെ കണ്ണുനീരും മൂക്കളയും വിയർപ്പും അമ്മയുടെ ചുമലിൽ വീണ് അടുത്തു വരുന്ന ആളിന് ദുർഗന്ധം അനുഭവപ്പെടാതിരിക്കാനാണ് തൈലം പുരട്ടുന്നതെന്നും പിന്നീട് ധ്യാനാമൃത ചൈതന്യ വിശദീകരിച്ചു. മൂന്നു നിറങ്ങളായിരുന്നു അന്തേവാസികളുടെ വസ്ത്രങ്ങൾക്ക്. വെള്ളയും വെള്ളയും അണിഞ്ഞവർ ബ്രഹ്മചാരികൾ. മഞ്ഞയും മഞ്ഞയും - ദീക്ഷ ധരിച്ചവർ. ചുവപ്പു ധരിച്ചവർ സന്ന്യാസിമാർ.

അമ്മയുടെ ഇടതു വശത്ത് ബ്രഹ്മചാരിണികൾക്കിടയിൽ ചമ്രം പടിഞ്ഞിരുന്ന് ഞാൻ ധ്യാനിക്കുന്ന അമ്മയെയും അമ്മയെത്തന്നെ ഉറ്റുനോക്കുന്ന അന്തേവാസികളെയും കണ്ടുകൊണ്ടിരുന്നു. ആ സമയത്ത് ലൗഡ് സ്പീക്കറിലൂടെ പതിഞ്ഞ ശബ്ദം ഒഴുകി വന്നു : എന്റെ ഓരോ വാക്കും നിന്റെ വാക്കായിത്തീരട്ടെ. ഞാൻ ചെയ്യുന്ന കർമ്മമെല്ലാം നിനക്കുള്ള പൂജയായിത്തീരട്ടെ. സ്വരം നിലച്ചതും അമ്മ ഒരു നിശ്വാസത്തോടെ കണ്ണു തുറന്നു. അതുവരെ ശാന്തമായിരുന്നവർ മുന്നിലേക്ക് അമ്മയുടെ അരികിലേക്ക് ഇരമ്പിയടുത്തു. ധ്യാനം കഴിഞ്ഞ് പതിനൊന്നേ മുക്കാലോടെ ചോദ്യോത്തരങ്ങൾ ആരംഭിച്ചു. അന്തേവാസികൾക്ക് അമ്മയോട് ആശയവിനിമയം നടത്താനുള്ള സമയമായിരുന്നു അത്. അമേരിക്കയിൽ നിന്നെത്തിയ കറുത്ത വർഗക്കാരനായ രാമകൃഷ്ണൻ (ഇത് അമ്മ നൽകിയ പേര്) ആദ്യ ചോദ്യം ചോദിച്ചു:

അമ്മയോടു ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾ ദ്വിഭാഷി ശരിയായല്ല തർജ്ജമ ചെയ്യുന്നത്. ആ തെറ്റാണ് അമ്മ പിടിച്ചെടുത്തത്. അമ്മ എന്റെ മനസ്സു വായിക്കുന്നില്ലെന്ന് എനിക്കു തോന്നുന്നു. അമ്മ എന്റെ മനസ്സെന്താ വായിക്കാത്തത്? എന്റെ മനസ്സിൽ തമോഗുണം കൂടുതലായതുകൊണ്ടാണോ?

ഓരോ വാക്യവും കേട്ട് അമ്മ പൊട്ടിച്ചിരിച്ചു. അപ്പോൾ ദ്വിഭാഷിയായ സ്വാമി ശുഭാമൃത ചൈതന്യ ചോദ്യം അമ്മയ്ക്കു മലയാളത്തിൽ കുറച്ചുകൂടി വിശദമാക്കി. അപ്പോഴും അമ്മ പൊട്ടിച്ചിരിച്ചു. പിന്നെ മൈക്കെടുത്ത് പരുക്കനായ കൊല്ലം മലയാളത്തിൽ ഉത്തരം പറഞ്ഞു :

"ചോദിക്കുന്നതു കേൾക്കുമ്പോൾ എനിക്കു മനസ്സിൽ ഉത്തരം തോന്നും. പക്ഷേ എല്ലാ ഉത്തരവും എല്ലാവർക്കും കൊടുക്കാൻ പറ്റില്ല. എല്ലാ പെട്ടിയും ഒരേ താക്കോലിട്ടു തുറക്കാൻ പറ്റുമോ? ഓരോരുത്തർക്കും ഓരോ സംസ്കാരമാണ്. അവരുടെ ചോദ്യം കേൾക്കുമ്പോൾ ഇതിനുത്തരം അമ്മ ശരിയായി പറഞ്ഞു കൊടുത്താൽ നാളെ ചിലപ്പോൾ അവർക്ക് അപകടമുണ്ടാകാം എന്നു വിചാരിച്ചിട്ട് അമ്മ ഒരുപക്ഷേ അവർ ആഗ്രഹിക്കുന്ന മറുപടി കൊടുക്കുന്നില്ല. പാലു കുടിക്കുന്ന കുഞ്ഞിന് ഇറച്ചി കൊടുക്കുന്നതുപോലെയാകും അത്. തർജ്ജമയിൽ തെറ്റു സാധാരണ സംഭവിക്കും. എനിക്കെല്ലാം അറിയാം എന്നു ഞാൻ പറയുന്നില്ല. ഈഗോ വരും. ഒരിക്കൽ വെസ്റ്റേണിൽ പോയി പ്രസംഗിച്ചപ്പോൾ മലർന്നു കിടന്നു തുപ്പുന്നതുപോലെ എന്നു ഞാൻ പറഞ്ഞു. അത് അവിടെയുള്ളയാൾ തർജ്ജമ ചെയ്തത് മല തുപ്പുന്നതുപോലെ എന്നാണ്. പട്ടിയുടെ വാലു കുഴലിലിടുന്നതുപോലെ എന്നു ഞാൻ പറഞ്ഞപ്പോൾ അയാൾ പട്ടും വാളും എന്നു തർജ്ജമ ചെയ്തു. "

അന്ന്, അമ്മയ്ക്കു തൊട്ടുമുമ്പിൽ വെറും നിലത്ത് ഫിൻലൻഡുകാരനായ ഒരു എഴു വയസ്സുകാരൻ ഇരുന്നിരുന്നു. നീലക്കണ്ണുകൾ കൊണ്ട് അവൻ അമ്മയെത്തന്നെ

നോക്കിക്കൊണ്ടിരുന്നു. കാൽമുട്ടു മടക്കിവച്ച് കൈകൾ താഴേക്കിട്ട് അമ്മയിരിക്കുമ്പോൾ ഒരു കുട്ടിക്കു യോജിച്ച കള്ളച്ചിരിയോടെ അവൻ അമ്മയുടെ വിരലുകൾക്കിടയിലേക്ക് സ്വന്തം വിരലുകൾ വച്ചു കൊടുക്കുകയും അമ്മ പ്രേമഭാവം നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി, അവന്റെ കൈവിരൽ മുറുകെപ്പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ചോദ്യോത്തര വേള ഒരു മണിയോടെ അവസാനിച്ചു. എങ്കിൽ, ഇനിയൊരു ഭജന പാടാം മക്കളേ? അമ്മ ഏതാ പാടണ്ടത്? എടുത്തുതാ .. -ഒരു ഭജന പുസ്തകം അമ്മ നീട്ടി. ബ്രഹ്മചാരിണികളിലൊരാൾ അതു വാങ്ങി പേജ് മറിച്ച് അമ്മയ്ക്കു തിരികെ നീട്ടി.

ഗിരിധര ഗോപാലാ -മാധവ മുരഹര
മുരളി മനോഹര ഗിരിധര ഗോപാലാ..

- താളം പിടിച്ച് അമ്മ ഈണത്തിൽ പാടുകയും മക്കൾ കൈകൊട്ടി കൂടെപ്പാടുകയും ചെയ്തു. അതു കഴിഞ്ഞപ്പോൾ ഫിൻലൻഡുകാരൻ കുട്ടി ഒരു നോട്ട് ബുക്ക് അമ്മയ്ക്കു കാണിച്ചു കൊടുത്തു. ഒരു ചിത്രത്തിൽ രൂപം തിരിച്ചറിയാത്ത വലിയ മനുഷ്യനും അടുത്ത് ചെറിയ പൊട്ടുപോലെ മറ്റൊരു രൂപവുമുണ്ടായിരുന്നു. അമ്മയും ഞാനും എന്ന് അതിൽ എഴുതിയിരുന്നു. അപ്പോൾ അമ്മ വാൽസല്യത്തോടെ അവനെ ചേർത്തു പിടിച്ച് 'ഇതിലേതാ നീ' എന്ന് അന്വേഷിച്ചു. കുട്ടി ചെറിയ പൊട്ടു പോലെയുള്ള രൂപത്തെ തൊട്ടു കാണിച്ചപ്പോൾ അമ്മ ഉറക്കെ ചിരിച്ചു - " നോക്കിയേ, ഇത് അവനാണ്. എന്നെ നോക്കിയിരിക്കുകയായിരിക്കും." അടുത്തിരിക്കുന്ന സ്വാമിക്ക് ആ നോട്ട് ബുക്ക് നീട്ടുമ്പോൾ മാതാ അമൃതാനന്ദമയിയുടെ മുഖത്തു നാട്ടിൻപുറത്തുകാരിയായ ഒരു മുത്തശ്ശിയുടെ കൗതുകവും ആഹ്ലാദവും കാണാമായിരുന്നു.
ഒന്നേകാലായപ്പോൾ മൈക്കിലൂടെ അനൗൺസ്മെന്റ് വന്നു : അമ്മ സ്വന്തം കൈ കൊണ്ട് അന്തേവാസികൾക്കു ഭക്ഷണം നൽകുന്ന ദിവസമാണിത്. പ്ലേറ്റുകളിൽ ഭക്ഷണം വിളമ്പി അമ്മയുടെ മേശപ്പുറത്ത് എത്തിക്കും. സ്ത്രീകളും പുരുഷൻമാരും രണ്ടു വരികളായി നിന്ന് ഭക്ഷണപ്ലേറ്റുകൾ വാങ്ങണം. പ്ലേറ്റ് അമ്മയുയർത്തി കയ്യിൽ വച്ചുതരുന്നതു വരെ കാത്തുനിൽക്കരുത്. അമ്മയെക്കൊണ്ട് പ്ലേറ്റുകൾ എടുപ്പിക്കരുത്. നോക്കിനിൽക്കെ, അമ്മയുടെ മുന്നിലേക്ക് ഒരു ചെറിയ മേശയെത്തി. അതിനു മുകളിലേക്ക് ഭക്ഷണം വിളമ്പിയ സ്റ്റീൽ പ്ലേറ്റുകൾ എത്തി. പ്ലേറ്റുകളിൽ ചോറ്, സാമ്പാർ മുളകുഷ്യം പച്ചക്കറിയിട്ട കറി പഴം, പപ്പടം, ഒരു മധുര പലഹാരം. "പൊന്നുമക്കളേ ഓടിയോടി വാ..." - പ്ലേറ്റുകളെത്താൻ താമസിച്ചപ്പോൾ അമ്മ വിളിച്ചു പറഞ്ഞു. അമ്മയുടെ ഇടതും വലതും കൈകൾ യന്ത്രം പോലെ പ്രവർത്തിച്ചു തുടങ്ങി. കവിളൊട്ടി കൂനി നടക്കുന്ന ഒരു പാട്ടിയായിരുന്നു സ്ത്രീകളുടെ നിരയിൽ ആദ്യം. വന്നപാടെ അവർ അമൃതാനന്ദമയിയെ താണു തൊഴുതു:

അമ്മാ തായേ അന്നപൂർണേശ്വരീ.. തൊഴുന്നതൊക്കെ പിന്നെ. ശീഘ്രം ശീഘ്രം ഓടുങ്കോ.. - അമ്മയുടെ സംഭാഷണവും മുഖഭാവവും വീണ്ടും നാട്ടിൻപുറത്തുകാരിയുടേതായി. അതിനിടെ, പിന്നിലെവിടെയോ നിന്ന് ഒരു ചെറിയ കുട്ടിയുടെ കരച്ചിൽ കേട്ടു. ഉടനെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു : 'അവനെന്തിനാ കരയുന്നത്? പപ്പടം ചോദിച്ചിട്ടു കൊടുത്തു കാണത്തില്ല. മക്കളേ, ആ കുഞ്ഞിനൊരു പപ്പടമോ സ്വീറ്റോ കൊട്. കുഞ്ഞിനെ കരയിപ്പിക്കാതെ.' ഇടയ്ക്ക് പ്രായം ചെന്നവർ വന്നപ്പോൾ മുഖം ചുളിച്ചു: പൊന്നുമക്കളേ, നിനക്കു ഷുഗറില്ലിയോ? മധുരം വേണ്ട.



ഹാളിലുണ്ടായിരുന്ന മുഴുവൻ പേർക്കും വിളമ്പിക്കഴിഞ്ഞപ്പോൾ രണ്ടു മണി കഴിഞ്ഞു. പ്ലേറ്റുകൾ കിട്ടിയവരൊക്കെ കാത്തിരിക്കുകയായിരുന്നു. അപ്പോൾ അമ്മയ്ക്കുള്ള ഭക്ഷണം എത്തി. അടച്ച ചെറിയ കിണ്ണങ്ങളിൽ പച്ചക്കറിയും മറ്റും. അമ്മ ഒരു സ്പൂൺ കൊണ്ട് അൽപം കഴിച്ചു. പിന്നീട് ഒരു കുസൃതിയോടെ 'ഞാനിതെടുത്താലോ' എന്നു ചോദിച്ചു വശത്തു കുട്ടികൾക്കു കൊടുക്കാൻ വേണ്ടി വച്ച മധുരപലഹാരങ്ങളിലൊന്നു റാഞ്ചിയെടുത്ത് കടിച്ചപ്പോൾ അമ്മാ, വേണ്ടമ്മാ, വേണ്ടമ്മാ.. എന്നു ബ്രഹ്മചാരിണികൾ കെഞ്ചി തടഞ്ഞു. അപ്പോൾ കടിച്ച പലഹാരം അമ്മ വായിൽനിന്നെടുത്ത് നീട്ടിയ കൈകളിലേക്കു കൊടുത്തു. അതിന്റെ പൊട്ടും പൊടിയും തട്ടിയെടുക്കാൻ വിദേശികളും സ്വദേശികളുമായ ബ്രഹ്മചാരിണികൾ തിരക്കുകൂട്ടി.

രണ്ടരയ്ക്ക് ദർശനം ആരംഭിച്ചു. രണ്ടു നിരയായി പുരുഷൻമാരും സ്ത്രീകളും തൊഴുകയ്യോടെ കാത്തുനിന്നു. ഓരോ ആളും അമ്മയുടെ മുമ്പിലെത്തും മുമ്പു തന്നെ മുട്ടുകുത്തി. മുട്ടിലിഴഞ്ഞ് മുന്നിലെത്തിയപ്പോൾ അമ്മ അവരെ ചേർത്തണച്ച് വലം തോളിലേക്ക് അണച്ചു. ചിലർ വിങ്ങിക്കരഞ്ഞു. ചിലർ പൊട്ടിച്ചിരിച്ചു. ചിലർക്കു സംശയങ്ങൾ, പരാതികൾ. മുഖത്ത് സ്ഥായിയായ ഒരു ചിരിയോടെ അമ്മ ഉപദേശിക്കുകയും ആശ്വസിപ്പിക്കുകയും പ്രസാദം നൽകുകയും ചെയ്തു. ഒരു മിഠായി, ഭസ്മം നിറച്ച ചെറിയ പൊതി, ഒരു ആപ്പിൾ- ഇതാണ് പ്രസാദം. ദർശനം നാലു മണി വരെ തുടർന്നു. നാലു മണിക്ക് , അമ്മ പത്തു മണി മുതൽ താൻ ഇരുന്ന പീഠത്തിൽനിന്ന് എഴുന്നേറ്റു. ആ നേരത്ത് മുറിയിൽ ഒരു അലയിളകി. എഴുന്നേറ്റു നിന്നിരുന്ന അന്തേവാസികൾ നിന്ന പാടെ നിലത്തേക്കു വീണു സാഷ്ടാംഗം പ്രണമിച്ചു. ചിലരൊക്കെ ആ പീഠത്തിലേക്ക് ഇരമ്പിയെത്തി. പീഠത്തിൽ തലമുട്ടിച്ചു തൊഴുതു. ചിലർ ഒഴിഞ്ഞ പീഠത്തെ കെട്ടിപ്പിടിച്ചു വിങ്ങിക്കരഞ്ഞു. അമ്മ ഇരുന്ന സ്ഥലത്ത് മുഖമുരച്ചും തലയിട്ടടിച്ചും ഉൻമാദം പ്രകടിപ്പിച്ചു. ബാൽക്കണിയിൽ കാത്തു നിന്നിരുന്ന ഭക്തർ പെട്ടെന്ന് ഭിത്തിയിലേക്കു ചേർന്നു നിന്ന് അമ്മയ്ക്കു പോകാൻ വഴിയൊരുക്കി. അമ്മയുടെ വഴിയിലേക്കു കൈകൾ നീട്ടി നിന്നു.

ആറു മണിക്ക് ഭജന മണ്ഡപത്തിൽ ഭജന തുടങ്ങി. ആറര കഴിഞ്ഞിട്ടാണ് അമ്മ പുറത്തേക്കു വന്നത്. കാഏുത്തുനിന്ന നാലഞ്ചു വിദേശിക്കുട്ടികൾ അമ്മയുടെ കൈകളിൽ ഓടി വന്നു പിടിച്ചു. ഭജന മണ്ഡപത്തിലേക്കുള്ള വഴിയേ ബ്രഹ്മചാരികൾ തൊഴുതു നിന്നു. ഭജന മണ്ഡപത്തിലേക്ക് അമ്മ കയറിയപ്പോൾ വിളക്കുകൾ തെളിഞ്ഞു. പശ്ചാത്തലത്തിൽ ഓം അമൃതേശ്വര്യൈ നമ: എന്നു സംസ്കൃതത്തിൽ എഴുതിയ സ്റ്റേജിൽ പ്രത്യേക പീഠത്തിൽ പ്രധാന മൈക്കിനു മുന്നിൽ അമ്മ ചമ്രം പടിഞ്ഞിരുന്നു.

ഇടതു വശത്ത് പിന്നിലേക്കു മാറി പക്കമേളവും അമ്മ ഇരിക്കുന്ന പീഠത്തിൽ അമ്മയ്ക്കു പിന്നിലായി വിദേശികളായ കുട്ടികളും ഇരുന്നു. ഏഴു മണിക്കു ഭജന തുടങ്ങി. പാടിയപ്പോൾ അമ്മ ഇടയ്ക്കിടെ ഇടതു കയ്യും ചില വരികൾ പാടുമ്പോൾ ഉൻമാദത്തിലെന്നതുപോലെ രണ്ടു കൈകളും ആകാശത്തേക്കുയർത്തി.

കാലം കനലു പൊഴിക്കും ജീവൻ തണലു കൊതിക്കും
ജീവിതവീഥിയിൽ മുള്ളും പൂവും വാരി വിതറുന്നു.
വിധിഹിതമാരു നിനയ്ക്കുന്നു...

ഒരു മണിക്കൂർ തികഞ്ഞതും അമ്മ ഭജന നിർത്തി. വേദിയിലെ ലൈറ്റുകൾ അണഞ്ഞു. സ്പീക്കറിലൂടെ ആർദ്ര സ്വരത്തിൽ ഓംകാര മന്ത്രം മുഴങ്ങി. ധ്യാനത്തിന്റെ ഒരു നിമിഷം. വീണ്ടും വിളക്കുകൾ തെളിഞ്ഞു. അമ്മ എഴുന്നേറ്റു.

എട്ടു മണിക്ക് ഭജന മണ്ഡപത്തിന്റെ പടികളിറങ്ങി അമ്മ വരുന്ന വഴിയിൽ വീണ്ടും ഭക്തൻമാരുടെ നിര രൂപപ്പെട്ടു. അമ്മയുടെ മുറിയിലേക്കുള്ള വഴിയിൽ പോർച്ചിനു മുമ്പിൽ രാമൻ എന്ന കുട്ടിയാന നമസ്കരിച്ചു. നമ:ശിവായ എന്ന് ആശീർവദിച്ച് അന്നു നാലു വയസ്സുണ്ടായിരുന്ന രാമന് അമ്മ ഭക്ഷണം കൊടുത്തു. രാമൻ അമ്മയെ നമ:ശിവായ എന്ന് അഭിവാദ്യം ചെയ്തു. തുടർന്ന് അമ്മയ്ക്ക് പുഷ്പങ്ങൾ കൊണ്ട് അർച്ചന നടത്തി. അതിനിടെ, കുടിക്കാൻ കൊടുത്ത വെള്ളം തുമ്പിക്കയ്യിലെടുത്ത് കാഴ്ചക്കാരുടെ നേരെ ചീറ്റി. ജർമനിയിൽനിന്നെത്തിയ ഒരു കുട്ടിയെ അമ്മ ഒക്കത്തെടുത്ത് ആനയ്ക്ക് ബിസ്കറ്റ് കൊടുപ്പിച്ചു. ആനയൂട്ട് എട്ടേമുക്കാൽ വരെ തുടർന്നു. പിന്നീട് അമ്മയ്ക്ക് മൂന്നു വട്ടം നമ:ശിവായ പറഞ്ഞ് ആനക്കുട്ടി പുറത്തേക്കു പോയപ്പോൾ അമ്മ കോണിപ്പടി കയറി സ്വന്തം മുറിയിക്കു കടന്നു. അപ്പോഴേക്ക് അതുവരെ അമ്മ നിന്നയിടത്തു തിക്കും തിരക്കുമുണ്ടായി. നിന്ന സ്ഥലം തൊട്ടു കണ്ണിൽ വച്ചും നിലത്തു ചുംബിച്ചും അമ്മ നടന്നു പോയ പടികളിലോരോന്നിലും തലമുട്ടിച്ചു നമസ്കരിച്ചും വിശ്വാസികൾ നിർവൃതിയടഞ്ഞു.

രാവിലെ അമ്മയുമായി സംസാരിക്കണമെന്ന ആവശ്യം അറിയിച്ചപ്പോൾ സ്വാമി ധ്യാനാമൃത ചൈതന്യയുടെ മുഖത്ത് സംശയമാണു കണ്ടത്. അദ്ദേഹം പറഞ്ഞു : " ചോദ്യങ്ങൾ നേരത്തെ എഴുതിത്തരണം. അമ്മയ്ക്കു സമയം കിട്ടുമെങ്കിൽ ഉത്തരം തരും. "എഴുതിക്കൊടുത്ത ചോദ്യങ്ങൾ വായിച്ചു നോക്കിയ അദ്ദേഹത്തിന്റെ മുഖത്ത് അതൃപ്തിയുണ്ടായിരുന്നു. "ഇതൊക്കെ വിവാദ ചോദ്യങ്ങളല്ലേ? ഇതു കൊണ്ട് ആർക്കെന്തു പ്രയോജനം? " എങ്കിലും ആനയൂട്ടു കഴിഞ്ഞ്, ഒരു കിടപ്പുമുറിയും ഇരിപ്പു മുറിയും ചേർന്ന അമ്മയുടെ സ്വകാര്യ മുറിയിലേക്ക് ഒമ്പതുമണിയോടെ വിളിച്ചു.ദേവീ വിഗ്രഹങ്ങൾ ക്ഷേത്രാകൃതിയിൽ ഒരുക്കിവച്ചതിനു മുന്നിലാണ് അമ്മ ഇരുന്നത്. കട്ടിയുള്ള മൃദുലമായ പരവതാനി വിരിച്ച മുറിയിൽ മനോഹരമായ കസേരകളും ടീപോയും ഉണ്ടായിരുന്നു. ടീപോയ്മേൽ ചില കത്തുകൾ. പ്രസാദം. കസേരകൾ വേറെയുണ്ടെങ്കിലും അമ്മയൊഴികെ മറ്റുള്ളവരെല്ലാം നിലത്താണ് ഇരുന്നത്. വെറും നിലത്ത് ചമ്രം പടിഞ്ഞിരുന്ന് ഞാൻ അമ്മയുമായുള്ള എന്റെ മുഖാമുഖം ആരംഭിച്ചു. അന്ന്, അന്തേവാസികളോടൊപ്പം ധ്യാനത്തിനുശേഷമുള്ള ചോദ്യോത്തരവേളയിൽ അമ്മ പറഞ്ഞിരുന്നു : 'മുമ്പൊക്കെ മലയാളത്തിൽ മാത്രം ഭജന പാടിയാൽ മതിയായിരുന്നു. ഇന്ന് അമ്മയ്ക്ക് 20 ഭാഷയിൽ ഭജന പാടേണ്ടിവരുന്നു. എനിക്കാണെങ്കിൽ മലയാളം പോലും ശരിക്കു സംസാരിക്കാനറിയില്ല... ' അഭിമുഖസംഭാഷണത്തിന് ഇരിക്കുമ്പോൾ ആരോ ചോദ്യങ്ങളുടെ പോരായ്മ വീണ്ടും ചൂണ്ടിക്കാട്ടി. അതിനെന്താ മക്കളേ പത്രക്കാർ അവരുടെ

തലത്തിൽനിന്ന് ഓരോന്നു ചോദിക്കും എന്ന് അമ്മ അതിനെ നിസ്സാരമാക്കി. അഭിമുഖത്തിൽ നിന്ന്:

**ഒരു തീരദേശഗ്രാമത്തിൽ പിന്നോക്ക സമുദായത്തിൽ ജനിച്ചിട്ടും ഇന്ത്യയിലേറ്റവും പ്രശസ്ത വനിതയാകാൻ കഴിഞ്ഞതെങ്ങനെ?**

സനാതന ധർമത്തിൽ എല്ലാവരിലും അനന്ത ശക്തി കുടികൊള്ളുന്നു. പക്ഷേ താമസിക ഗുണം കൂടുതലുള്ളവരിൽ അത് പ്രകടിതമായി കാണാൻ പറ്റുന്നില്ല. സാത്വിക തമോ രജോ ഗുണങ്ങളുള്ള പല മുത്തുകൾ കോർത്ത മാല പോലെയാണ് നമ്മൾ. നൂല് എല്ലാവരിലും ഒന്നു പോലെയാണ്. മുത്ത് സ്ഫുടമാണെങ്കിൽ നൂലു തെളിഞ്ഞു കാണും. ആ അനന്തമായ ശക്തി മനസ്സിലാക്കി നീങ്ങിയതു കൊണ്ടായിരിക്കാം എനിക്ക് ഇതിനു സാധിച്ചത്. ലോകത്തിൽ അംഗീകാരം - അമ്മ അതേപ്പറ്റി ഒന്നും പറയുന്നില്ല. ആ അനന്തമായ ശക്തി ഉൾക്കൊണ്ട് അമ്മ നീങ്ങിയിട്ടുണ്ട്.

**അമ്മ ദൈവാവതാരമാണെന്നു പറയുന്നവരുണ്ട്. ആരാധിക്കുന്നവരുണ്ട്. അതേ സമയം, തട്ടിപ്പുകാരിയെന്നു പറഞ്ഞു വിമർശിക്കുന്നവരുമുണ്ട്. വാസ്തവത്തിൽ ആരാണ് മാതാ അമൃതാനന്ദമയി?**

ദൈവമാണെന്ന് പറഞ്ഞാൽ - ദൈവത്തെ ആരും കണ്ടിട്ടില്ല. ഗുണങ്ങൾ നോക്കിയിട്ടാണ് ദൈവമാണെന്നു പറയുന്നത്. ഈശ്വരീയ ഗുണങ്ങൾ കണ്ടു ദർശിക്കുന്നവനെ ഈശ്വരൻ എന്നു പറയും. ഒരു പുഷ്പത്തെ ചില മനുഷ്യർ പുഷ്പമായി കാണുന്നു. പുഴു അതിനെ ആഹാരമായി കാണുന്നു. സയന്റിസ്റ്റ് റിസർച്ച് ചെയ്യുന്നു. കവിതയെഴുത്തുകാരൻ കവിത എഴുതുന്നു. അർച്ചിക്കുന്നവൻ അതെടുത്തു പൂജിക്കുന്നു. ഓരോരുത്തർക്കും ഓരോ തലമുണ്ട്. അവർ ആ കാഴ്ചയിൽ കാണും. അമ്മയ്ക്കു പ്രശ്നമൊന്നുമില്ല. ( ചിരി ) അവതാരമെന്നൊക്കെ പറയാൻ - അതൊക്കെ ഓരോരുത്തരുടെ വിശ്വാസമാ കുഞ്ഞേ. അമ്മ അങ്ങനെ അവകാശപ്പെടുന്നില്ല. ഞാൻ എന്നെ ഈ ലോകത്തിനു വേണ്ടി അർപ്പിച്ചു. അതു കഴിഞ്ഞ് ഞാൻ ഇന്നതാണെന്ന് അവകാശപ്പെടുന്നതെന്തിനാ?

**അമ്മ 37 വർഷമായി ഇങ്ങനെ അമ്മയായിട്ട്. ആദ്യമൊക്കെ ഈ നാട്ടിൻപുറത്തുതന്നെ വലിയ എതിർപ്പായിരുന്നു. 37 വർഷത്തെ പ്രവർത്തനം കൊണ്ട് അമ്മയെന്താണ് സമൂഹത്തിനു കൊടുത്ത ഏറ്റവും വലിയ സംഭാവന?**

എന്റെ ക്ഷമ. കാരണം, അവരു കല്ലെറിയുമ്പോഴും ഞാനെതിർത്തിട്ടില്ല. അന്നു കല്ലു വാരിയെറിഞ്ഞവര് ഇന്നു പുഷ്പം വാരിയെറിയുന്നു. രണ്ടിനെയും ഞാൻ ഒരുപോലെ കാണുന്നു. പക്ഷേ, എല്ലാ ഗുരുക്കൻമാരെയും ജനങ്ങൾ അങ്ങനെ എതിർത്തിട്ടുണ്ട്. എനിക്ക് സ്ത്രീവേഷമായിരുന്നു. അതുകൊണ്ട് എതിർപ്പു കൂടുതലായിരുന്നു. പിന്നെ സാധാരണത്വം വിട്ടുള്ള ഒരു ഭാവമുണ്ടായിരുന്നു എനിക്ക്. എല്ലാവരെയും അണച്ച് വാൽസല്ലിക്കുന്ന ഭാവം. അത് അതിനുവേണ്ടിച്ചെയ്തതല്ല. മുമ്പിൽവന്ന് ഒരു കുഞ്ഞ് പൊട്ടിക്കരയുമ്പോൾ എന്താ പൊന്നുമോനേന്നു ചോദിച്ച് ഒരു തള്ള വാരിയെടുക്കുന്നതുപോലെ, സങ്കടം പറഞ്ഞു പൊട്ടിക്കരയുമ്പോൾ അറിയാതെ കണ്ണുനീരു തുടച്ചുകൊടുത്തു, അവരു മടിയിൽകിടന്നു, ഞാനവരെ ആശ്വസിപ്പിച്ചു. അങ്ങനെ അടുത്ത ആളും വന്നു. അങ്ങനെയങ്ങനെ ഇങ്ങനെയായിത്തീർന്നു.
അമ്മ ആദ്യം ആരെയാണ് ആശ്വസിപ്പിച്ചത്, ആരുടെ കണ്ണീരാണ് തുടച്ചുകൊടുത്തത് എന്നോർമയുണ്ടോ?
എന്റെ പൊന്നുമക്കളേ, ഇല്ല.

**സമൂഹത്തിനെന്തു കൊടുത്തു എന്നു ചോദിച്ചതിന് പൂർണ ഉത്തരമായില്ല.**

എന്റെ ജീവിതം തന്നെ. അർപ്പിച്ചു. അവരു പഠിക്കട്ടെ. അവർക്ക് വാക്കാണോ മക്കളേ ആവശ്യം? പ്രവൃത്തിയല്ലേ വേണ്ടത്?

**അമ്മയ്ക്കെതിരേയുള്ള ഏറ്റവും വലിയ വിമർശനം ആഗോളതലത്തിൽ ഭക്തി മാർക്കറ്റ് ചെയ്യുന്നു എന്നതാണ്. അതെപ്പറ്റി എന്താണ് പറയാനുള്ളത്?**

ഞാൻ മറ്റു ഗുരുക്കൻമാരെ പറയുകയല്ല. ഇത്രയും ഗുരുക്കൻമാർ വിദേശത്തു പോയിട്ട് പലരും ഫീസ് വച്ചാണ് മന്ത്രം പോലും കൊടുക്കുന്നത്. ഒരു മന്ത്രത്തിന് ഇത്ര ഡോളർ എന്നു കണക്കു വയ്ക്കുന്നവരുണ്ട്. ഒരു പ്രഭാഷണം കൊടുക്കുന്നതിന് ഇത്ര രൂപയെന്ന് ചോദിക്കും. സത്യത്തിൽ ഇത്രേം രാജ്യത്തുപോയെങ്കിലും ഫീസ് വയ്ക്കാതെ പ്രോഗ്രാംനടത്തുന്നതു നമ്മളു മാത്രമേയുള്ളൂ. ഒരു പ്രോഗ്രാമിനു ക്ഷണിച്ചാൽ വണ്ടിക്കൂലി പോലും നമ്മളാരോടും ചോദിക്കാറില്ല. ചോദിക്കണ്ടെന്നു ഞാനിവിടെ പിള്ളാരോടു പറയും. മൈക്കുപോലും നമ്മളിവിടുന്നു കൊണ്ടുപോയാണു നടത്തുന്നത്. പിന്നെ, ഇവിടെ കണ്ടില്ലേ, ഒരു വഞ്ചിപ്പെട്ടി പോലും ഞാൻ സമ്മതിച്ചിട്ടില്ല. അങ്ങനെയൊരു സ്ഥാപനം ബിസിനസിനാണെന്നു പറയുന്നത് കഷ്ടമാണ്. അങ്ങനെയാണെങ്കിൽ ക്രിസ്ത്യൻ മഠത്തിലും മുസ്ലിം മഠത്തിലും ഹിന്ദു മഠങ്ങളിലും - ഒക്കെ ബിസിനസാണോ? സമൂഹത്തിൽ ആധ്യാത്മികവും ഭൗതികവും രണ്ടല്ല. ഭൗതികത്തിൽ എങ്ങനെ ജീവിക്കണം എന്നു പഠിപ്പിക്കുന്നതാണ് ആധ്യാത്മികം. നമുക്ക് ഉള്ള ശക്തി കൊണ്ട് എങ്ങനെ സന്തോഷമായിട്ടു ജീവിക്കണം എന്നു പഠിപ്പിക്കുന്നു. ഒരു മിഷ്യൻ സ്വിച്ചിട്ട് പ്രവർത്തിപ്പിക്കണം എന്നു പഠിപ്പിക്കുന്നതുപോലെയാണ് അത്.



ഭക്തിവിൽപന- കച്ചോടമാണോ അത്? ഇവിടുത്തെ കുട്ടികൾ അധ്വാനിക്കുന്നു. അവർക്കു കിട്ടുന്ന പത്തു പൈസ നൂറു പൈസക്കണക്കിനു ലോകത്തിലെത്തുന്നു. ഗവൺമെന്റ് പാവത്തുങ്ങടെ കയ്യിന്നു വരെ ടാക്സെടുത്താണു സഹായം ചെയ്യുന്നത്. നമ്മളിപ്പം ആരുടെ കയ്യിന്നു ടാക്സെടുത്താണു ജനത്തെ സേവിക്കുന്നത്? ഇവിടെ വരുന്ന കുഞ്ഞുങ്ങൾ അവരുടെ വിശ്വാസത്തിന്റെ പുറത്ത് പതിനെട്ടും ഇരുപതും മണിക്കൂർ ജോലി ചെയ്യും. മലയാളികൾ ലോകത്തെവിടെച്ചെന്നാലും നല്ലതുപോലെ ജോലി ചെയ്യും. പക്ഷേ കേരളത്തിൽ നമ്മൾ ജോലി ചെയ്യുന്ന സമയം മണിക്കൂറു കുറച്ചു കുറച്ചുകൊണ്ടുവന്ന് - അവസാനം നമ്മള് വലിയ കുഴി തോണ്ടിത്തോണ്ടി അതിൽ വീഴുകയാണ്. ആശ്രമത്തിൽ വരുന്ന കുഞ്ഞുങ്ങൾ മുഴുവൻ സമയവും ജോലി ചെയ്യും. അതുകൊണ്ട് ജനത്തെ സേവിക്കുന്നു. അക്കൂട്ടത്തിൽ പല സ്ഥാപനങ്ങളും വരുന്നുണ്ട്. അതിനെ ബിസിനസ് സ്ഥാപനമെന്നു പറയാൻ പറ്റില്ല. സംസ്കാരത്തിനു വേണ്ടിയുള്ള സ്ഥാപനങ്ങൾ. അങ്ങനെയാണെങ്കിൽ പല പല

ആശ്രമങ്ങൾ - രജനീഷായാലും മറ്റാരായാലും - അവരെയൊന്നും കുറ്റം പറയുകയല്ല. ഓരോരുത്തർക്കും ഓരോ രീതി.--അവർക്കൊക്കെ ഇത്തരം സ്ഥാപനങ്ങളില്ലേ?

**അതാണ് മറ്റൊരു ചോദ്യം. അമ്മ വളരെ സാധാരണ സാഹചര്യങ്ങളിൽ നിന്ന് ആഗോളതലത്തിലേക്ക് ഉയർന്നു വന്നു. ഇതു മാതൃകയാക്കി മനുഷ്യദൈവങ്ങളെന്നു സ്വയം വിളിക്കുന്ന് ഒട്ടേറെപ്പേർ നാടിന്റെ നാനാഭാഗത്തും പെരുകുന്നു. ഈ പ്രവണതയെപ്പറ്റി എന്തു പറയുന്നു?**

അതെപ്പറ്റി നമ്മളു പറയണ്ട ആവശ്യമെന്താ? അവരെ കുറ്റം പറയുന്നത് ശരിയല്ലല്ലോ. നേരത്തെ ഞാൻ അത് ഉദ്ദേശിച്ചു പറഞ്ഞതല്ല. ഭക്തി വിൽപന എന്നു കേട്ടപ്പോൾ പറഞ്ഞതാണ് - ഞാനാരോടും പൈസ വാങ്ങിച്ച് ധ്യാനിച്ചിട്ടില്ല. പിന്നെ ലോകത്ത് ഒരു നദി മാത്രമല്ല. പല വഴിയാകാം. അവനവന്റെ സംസ്കാരം അനുസരിച്ചാണ് ഓരോരുത്തരും വഴി തിരഞ്ഞെടുക്കുന്നത്. അതാണു സനാതന ധർമം. ഒരു കടയിൽ ഒരേ തരം ഷൂസ് മാത്രം വച്ചാൽ എത്ര പേരു വാങ്ങിക്കും മക്കളേ? ഒരേ തരം കോട്ടു മാത്രം വച്ചാൽ എത്ര പേരു വാങ്ങിക്കും? ഭക്തിയിൽ താൽപര്യമുള്ളവരിൽ ചിലർക്കു പ്രാർഥന വേണം. അവർ അതു ചെയ്യും. ധ്യാനത്തിൽ താൽപര്യമുള്ളവർക്ക് അങ്ങനെ. ഇവിടെ കുറച്ചു മക്കൾ, പഠിച്ച പിള്ളര്. അവർക്കു സേവ ചെയ്യണം. അപ്പോൾ അവർക്കുവേണ്ടി വിദ്യാഭ്യാസ സ്ഥാപനം ഇട്ടുകൊടുത്തു. ഞാൻ ആരെയും നിർബന്ധിച്ചു ചെയ്യുന്നില്ല. നമ്മളാണ് ബിസിനസെന്ന കാര്യം ചെയ്യാത്തത് എന്നു പറയുകയാണ്.

**ജൻമനാൾ ആഘോഷം - എങ്ങനെയാണ് ഇത്രയും വലിയ രീതിയിൽ നടത്തുന്നത്?**

ജൻമനാളിനു പോലും പിരിക്കരുതെന്നാണു ഞാൻ പറഞ്ഞിട്ടുള്ളത്. ഇരുപത്തേഴു വയസ്സുവരെ ഞാൻ നക്ഷത്രം പോലും പറഞ്ഞുകൊടുത്തില്ല. ഒരു ദിവസം ഒരു മോൻ ഒരു പുതിയ പാവാട വാങ്ങിത്തന്നു. മറ്റൊരു മോൻ ഒരുടുപ്പും വാങ്ങിക്കൊണ്ടുവന്നു. ഞാൻ ആ നേരത്ത് പുറത്തു പിള്ളാരോടൊപ്പം കളിച്ചോണ്ടിരിക്കുകയായിരുന്നു. "അമ്മേ നില്ല് നില്ല്" എന്നു പറഞ്ഞ് അവര് ഈ ഉടുപ്പുമായിട്ടു വന്നു. അങ്ങനെയാണ് ആദ്യമായിട്ട് എന്റെ പിറന്നാൾ ആഘോഷിക്കുന്നത്. അന്നും അതിനുവേണ്ടി ഒരു പൈസ പിരിക്കരുതെന്നു ഞാൻ പ്രത്യേകം പറഞ്ഞു. ഇതൊക്കെ ഭക്തൻമാർ അവരുടെ നല്ല മനസ്സുകൊണ്ടു ചെയ്യുന്നതാണ്. കണ്ടമാനം ആളുകളു വരുന്നുണ്ട് മക്കളേ. ഈ വരുന്നവരിൽ കാൽ ഭാഗം മാത്രമേ കാശുള്ളവരായിട്ടുള്ളൂ. ബാക്കിയുള്ളവരിൽ കുറച്ചുപേർ സാമാന്യം കാശുള്ളവർ. ബാക്കിയൊക്കെ ഉടുക്കാൻ വസ്ത്രം പോലുമില്ലാത്തവരാണ്. അമ്മയെ കാണാൻ വേണ്ടി അയൽപക്കത്തു നിന്ന് നല്ലൊരു സാരി വാങ്ങി ഉടുത്തോണ്ടുവരുന്നവരാണ്. വരുന്നവർക്കൊക്കെ മൂന്നു നേരം ഭക്ഷണം കൊടുക്കണം. അതിന് ചില ഭക്തൻമാർ ശനിയാഴ്ച ഉപവസിക്കും. അന്നത്തെ ഭക്ഷണത്തിന്റെ പൈസ ഇവിടെ അന്നദാനത്തിനു തരും. അങ്ങനെയങ്ങനെ...

**മറ്റ് ആശ്രമങ്ങളിൽ നിന്ന് ഈ ആശ്രമത്തിന്റെ വ്യത്യസ്തതയെന്താണ്?**

എല്ലാവരും അധ്വാനിക്കും. പൂവുണ്ടാക്കും, ഫോട്ടോയുണ്ടാക്കും, കർപ്പൂരമുണ്ടാക്കും, തയ്ക്കും- എല്ലാ കുഞ്ഞുങ്ങളും അധ്വാനിക്കും. ഡ്രൈവിങ് അറിയുന്ന കുഞ്ഞുങ്ങള് ടാക്സി വരെ ഓടിക്കുന്നുണ്ട്. പത്രം മേടിച്ചു വിൽക്കുന്ന കുഞ്ഞുങ്ങളുണ്ട് - ഇവിടുത്തെ ബ്രഹ്മചാരികൾ. അങ്ങനെ വല്ലവരും ചെയ്യുമോ?

**അമ്മ ആദ്യം കൃഷ്ണഭക്തയായിരുന്നു. പിന്നീട്**

**ദേവീഭാവത്തിലേക്കു മാറി. എന്തായിരുന്നു കാരണം?**

മുപ്പത്തിമുക്കോടി ദേവകളു നമ്മുടെ ഉള്ളിലാണല്ലോ. നമുക്കിങ്ങനെ ഒരു സങ്കൽപമുണ്ട്, കൃഷ്ണന്റെ. പിന്നെ കലാരൂപമെല്ലാം ഗുരുക്കൻമാരിൽനിന്നു വന്നതാ. തന്ത്രശാസ്ത്രം, നാഡിശാസ്ത്രം, ജ്യോതിശാസ്ത്രം - എല്ലാം. ദേവിയെന്നു പറയുമ്പോൾ മാതൃത്വത്തിനാണല്ലോ പ്രാധാന്യം. ആദ്യം കാണുന്നത് അമ്മയെയാണ്. അമ്മയുടെ രക്തം കുടിക്കുന്നതുപോലെയാണ് മുലപ്പാൽ കുടിക്കുന്നത്. കാണപ്പെട്ട ആദ്യ ഗുരുവും അമ്മയാണ്. ആണായാലും പെണ്ണായാലും അമ്മയോടുള്ള സ്വാതന്ത്ര്യം അച്'നോടില്ല. മാതൃത്വം ക്ഷമയുടെ പ്രതീകമാണ്.

**ഞാൻ സ്വാമിമാരോടു ചോദിക്കുകയായിരുന്നു - ഈ വരുന്നവരെല്ലാം എന്താണ് അമ്മയിൽ കാണുന്നത്? എന്താണ് അമ്മ അവർക്കു കൊടുക്കുന്നത്?**

അത് അവരോടു തന്നെ ചോദിക്കണം മോളേ.

**അവർ പറയുന്നത് അറിവർക്കറിയില്ല, അമ്മ തിരഞ്ഞെടുത്തു, കൊണ്ടുവന്നു എന്നാണ്.**

അങ്ങനെയൊന്നുമില്ല മോളേ. എല്ലാവരും വരുന്നു. ചിലരിവിടെ നിൽക്കുന്നു. തിരിച്ചുപൊയ്ക്കൊള്ളാൻ ഞാൻ പറയും. കാരണം ബ്രഹ്മചര്യം എല്ലാവർക്കും പറ്റുന്നതല്ല. തിരിച്ചു വീട്ടിൽപ്പോയ്ക്കോ എന്നു ഞാൻ പറയും. ചിലരു പറയും, ഒരു കുട്ടി ജനിച്ചാൽ അതിന് പൂർണ ആനന്ദം കൊടുക്കാൻ പറ്റില്ല. കല്യാണം കഴിച്ചാൽ ഭാര്യയെ സ്നേഹിക്കുന്നതു നമുക്കുവേണ്ടിയാണ്. അതിനേക്കാൾ ലോകത്തിനു നമ്മളെ കൊടുക്കാനാണ് ഇഷ്ടമെന്ന്. ശരി, ശ്രമിച്ച് നോക്ക്, എല്ലാവർക്കും പറ്റില്ല മക്കളേ എന്നു ഞാൻ പറയും. ശ്രമിച്ചു നോക്കാം അമ്മേ എന്ന് അവർ പറയും.

**അമ്മയുടെ കഴിഞ്ഞ ജൻമമെന്തായിരുന്നു എന്ന് ആലോചിച്ചിട്ടുണ്ടോ?**

അതു കാൻസലായ ഒരു ചെക്കാണ്. ഞാനതെപ്പറ്റി ആലോചിക്കാറില്ല.

**അടുത്ത ജൻമം എന്തായിരിക്കുമെന്ന്?**

അതിനെപ്പറ്റി ചിന്തിക്കണ്ട ആവശ്യമില്ലല്ലോ . ഈ നിമിഷമല്ലേ നമ്മുടെ കയ്യിലുള്ളൂ? ആത്മാവിനു ജനനവും മരണവുമില്ലല്ലോ.

**അമ്മ ഈശ്വരനോട് എന്തെങ്കിലും പ്രാർഥിക്കാറുണ്ടോ?**

അങ്ങനെയൊരു പ്രാർഥനയില്ല. എന്റെ എല്ലാ പ്രവൃത്തിയും ലോകത്തിനുവേണ്ടിയുള്ള പ്രാർഥനയാണ്.

**ഇത്രയും മക്കളുടെ വേദനയും സങ്കടവും ഏറ്റുവാങ്ങുമ്പോൾ ശാരീരികമോ മാനസികമോ ആയ അസ്വസ്ഥതകൾ ഉണ്ടാകാറുണ്ടോ?**

ഇതുവരെയും അസുഖമെന്നു പറഞ്ഞ് പ്രോഗ്രാം മുടക്കിയിട്ടില്ല മക്കളേ. ഇതുവരെയും പോയി. ഇനി നാളെ നമ്മുടെ കയ്യിലല്ലല്ലോ.

**ഓരോ ദിവസവും ദർശനത്തിന് എത്തുന്നവരുടെ എണ്ണം കൂടിക്കൂടി വരികയല്ലേ?**

ചിലപ്പോൾ ഇരുപത്തയ്യായിരം പേരു വരും. ചിലപ്പോൾ അമ്പതിനായിരം പേരു വരും. അപ്പോൾ സ്പീഡു കൂട്ടും. മണിക്കൂറിൽ രണ്ടായിരം പേരെ വച്ചു കാണും. ചിലപ്പോൾ മണിക്കൂറിൽ 200 പേരെയേ കാണാൻ കഴിയൂ. അവരുടെ

കഥകളൊക്കെ കേൾക്കും. എന്നാലും ആളു കൂടുമ്പോൾ സ്പീഡു കൂട്ടും. പ്രസാദമെങ്കിലും വരുന്ന ഓരോ ആളിനും കൊടുക്കും.

**അമ്മയെന്നു ഒററയാളിന്റെ ബലത്തിലാണ് ഈ പ്രസ്ഥാനത്തിന്റെ നിലനിൽപ്. അമ്പതു വർഷം കൂടി കഴിഞ്ഞ്, അല്ലെങ്കിൽ നൂറു വർഷം കൂടി കഴിഞ്ഞ് ഈ പ്രസ്ഥാനത്തിന്റെ സ്ഥിതിയെന്തെന്ന് ആലോചിച്ചിട്ടുണ്ടോ?**

അതിനെപ്പറ്റി (ചിരിക്കുന്നു) ചിന്തിക്കണ്ട ആവശ്യമുണ്ടോ?

**അമ്മ സ്ഥാപിച്ച ക്ഷേത്രങ്ങളിലെല്ലാം പ്രതിഷ്ഠ കുടുംബസങ്കൽപ്പത്തിലാണ. ശിവകുടുംബം.ശിവനും പാർവതിയും ഗണപതിയും മുരുകനും. പക്ഷേ, ആശ്രമത്തിൽ ബ്രഹ്മചര്യം നിഷ്കർഷിക്കുന്നു. എന്തുകൊണ്ടാണിത്?**

അങ്ങനെ നിർബന്ധം പിടിക്കുന്നില്ലല്ലോ കുഞ്ഞേ. അനിത്യത്തിൽ നിന്നു നിത്യത്തിലെത്തുന്ന, സന്താനങ്ങളോടു ചേർന്ന - അതാണ് പ്രതിഷ്ഠയുടെ തത്വം. ഒന്നിന്റെ വിവിധ മുഖങ്ങളാണ് നാലു പേരും എന്നു മനസ്സിലാക്കുക. ക്ഷേത്രം കണ്ണാടിപോലെയാണ്. അതു നോക്കി നമ്മുടെ മുഖത്തെ അഴുക്കു തുടയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ആ തത്വം ഗ്രഹിച്ച് നമ്മളിലെ അജ്ഞാനത്തെ മാറ്റുക. പൂർവജൻമം കൊണ്ടു ചെയ്ത കർമം കൊണ്ടായിരിക്കാം ഇന്നത്തെ പ്രാരബ്ധങ്ങൾ. വിധിതന്നെ കർമത്തെ അടിസ്ഥാനമാക്കിയാണ്. പിന്നെ എല്ലാം ഈശ്വരനാണല്ലോ. തള്ളാനില്ല. കൊള്ളാനേയുള്ളൂ.

**ബ്രഹ്മചര്യം അതിനെതിരല്ലേ?**

ബ്രഹ്മചര്യം ഇവിടെ നിർബന്ധിക്കുന്നില്ല. കുട്ടികൾ പറഞ്ഞു, ബ്രഹ്മചര്യ പരമ്പരയുണ്ട്. അവർക്ക് ബ്രഹ്മചര്യ ജീവിതം വേണമെന്നു പറഞ്ഞു. ഞാനവരോടു പറഞ്ഞു, നിങ്ങൾക്കിതു പറ്റുമെന്ന് എനിക്കു തോന്നുന്നില്ല. രണ്ടുപ്രാവശ്യം ഒരു സ്ത്രീയെ അറിയാതെ നോക്കി വീണ്ടുമൊന്നു നോക്കണമെന്നു തോന്നിയാൽ ഇതുവിടണം. മക്കൾ പറഞ്ഞു, ആളുകൾ ഭാര്യയെപ്പിരിഞ്ഞ് പേർഷ്യയിൽപ്പോയി താമസിക്കുന്നില്ലേ? എങ്ങനെയും ജീവിക്കണം, അതിനുള്ള വക ഉണ്ടാക്കണം എന്ന നിശ്ചയം വരുമ്പോൾ അതു പറ്റും. അതുപോലെ ലക്ഷ്യബോധം വരുമ്പോൾ മന:ശക്തി കിട്ടുന്നതാണ്. ഞങ്ങളും ഒന്നു ശ്രമിക്കട്ടെ. കല്യാണം കഴിക്കുന്നതു സ്നേഹിക്കാൻ വേണ്ടിയല്ലല്ലോ, ഭാര്യയുടെ സ്നേഹം ഇങ്ങോട്ടു സ്വീകരിക്കാനല്ലേ? അവർക്ക് കല്യാണം കഴിക്കാൻ എപ്പോഴും സ്വാതന്ത്ര്യമുണ്ട്. നല്ല ഒരു ഭക്തിക്കുട്ടിയെ കണ്ടുപിടിച്ചാൽ അമ്മ തന്നെ കല്യാണം നടത്തിക്കൊടുക്കും. കെട്ടെടാ കെട്ടെടാ എന്ന് അമ്മയെപ്പോഴും നിർബന്ധിച്ചു കൊണ്ടിരിക്കും. ഞങ്ങൾ ചത്തുകളയും എന്നു പറഞ്ഞു ബലാൽ പിടിച്ചു നിൽക്കുകയാണ്. ചിലരൊക്കെ പറയും, അമ്മേ ശക്തി കിട്ടുന്നില്ല, ഒരു ഭക്തിക്കുട്ടിയെ കിട്ടിയാൽ കല്യാണം കഴിക്കട്ടെ? അമ്മയ്ക്ക് അതിൽ സന്തോഷമേയുള്ളൂ.

**ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കായി നൽകാനുള്ള സന്ദേശമെന്താണ്?**

ഞാൻ പറയുന്നത് കുഞ്ഞേ, ചെറുപ്പത്തിലേ സ്ത്രീകളെ കണ്ടീഷൻ ചെയ്യുകയാണ്. എന്റെ ജീവിതത്തിൽനിന്നുതന്നെ അറിയാം, അമ്മയെന്നോടു പറയുമായിരുന്നു, സ്ത്രീകൾ ഓടാൻ പാടില്ല, സ്ത്രീ നടന്നാൽ ഭൂമി അറിയരുത്, സ്ത്രീ ശബ്ദിച്ചാൽ ഭിത്തി കേൾക്കരുത്. തന്നിൽ ഇളയ പുരുഷനാണെങ്കിലും തലയ്ക്കു മേലെ വളർന്നാൽ എഴുന്നേറ്റു നിൽക്കണം. അവരെക്കൊണ്ട് എച്ചിൽ പാത്രം എടുപ്പിക്കരുത്. എല്ലാവരെയും ആദരിക്കുന്നതു നല്ലതാണ്. എന്നാലും അങ്ങനെയൊക്കെ നിയമങ്ങൾക്കകത്ത് അടിച്ചമർത്തി ചെടിച്ചട്ടിയിലെ ചെടി പോലെയാക്കിയാൽ വളരില്ല. ആനയെ നമ്മൾ മെരുക്കുന്നതുപോലെ. ഇപ്പോ കണ്ടില്ലേ, ഇവിടെ

കുഞ്ഞാന? അതിനെ കെട്ടിയിട്ട് തുടലിലിട്ട് വലിയ മരത്തിൽ കെട്ടിയിടും. അങ്ങനെ വലുതാകുമ്പോൾ ചങ്ങലയും വേണ്ട, തുടലും വേണ്ട. ഒരു ചെറിയ കയറിട്ടാലും അനങ്ങാതെ നിൽക്കും. അതുപോലെ സ്ത്രീകളായ നമ്മളിൽ ശക്തിയുണ്ട്. നമ്മളെ അങ്ങനെ പഠിപ്പിച്ചിട്ടുള്ളതുകൊണ്ടാണ് നമ്മൾ തളർന്നു പോകുന്നത്. എന്നാൽ ചോദിക്കും, ഞാനെന്തു കൊണ്ട് അങ്ങനെയായില്ല? നമ്മൾ ഉണർന്നാൽ മതി. പിന്നെ, സ്ത്രീകൾക്കു വേണ്ടതു ക്ഷമയാണ്. ഏറ്റവും വലിയ അനുഗ്രഹമാണ് ഗർഭപാത്രം. അതു സ്ത്രീക്കേയുള്ളൂ. അവളാണ് പുരുഷനെ സൃഷ്ടിച്ചത്. എന്നു വച്ച് നീ പരാശ്രയത്തിൽ നിൽക്കണ്ട മെഴുകുതിരിയല്ല. സ്വയം ജ്വലിക്കണ്ട സൂര്യനാണ്. അതു മനസ്സിലാക്കി ശുഭാപ്തി വിശ്വാസത്തോടെ നീങ്ങണം. ജോലിയില്ലാത്ത സ്ത്രീകൾക്ക് വിഷമം കാണും. ജോലിയില്ലെങ്കിൽ എന്തൊക്കെ ജോലി ചെയ്യാം. പുറംനാടുകളിൽ സ്ത്രീകൾ വീട്ടിലിരുന്ന് മറ്റുള്ളവരുടെ കുട്ടികളെ നോക്കുന്ന (ബേബി സിറ്റിങ്) ജോലി ചെയ്യും. പിന്നെ സമൂഹത്തിൽ നമ്മൾ ഇറങ്ങുമ്പോൾ - ഒറ്റയ്ക്കു നടന്നു പോകാൻ ഇപ്പോഴും ബുദ്ധിമുട്ടാണ്. രാത്രി തനിച്ചു റോഡിലിറങ്ങി നടക്കുന്ന സ്ത്രീകളെ ഇപ്പോഴും നമ്മുടെ നാട്ടുകാർ വേശ്യ എന്നു വിളിക്കും. അങ്ങനെ അല്ലെങ്കിലും വിളിച്ചു വേശ്യ ആക്കിത്തീർക്കും. ഇങ്ങനെ അടിച്ചമർത്തുകയല്ല വേണ്ടത്. അവർക്കു കഴിവുണ്ട്, അതു തെളിയിക്കണം.

**അമ്മമാരോടു പറയാനെന്തെങ്കിലും?**

പെൺകുട്ടികൾക്കു ബോധവൽക്കരണം കൊടുക്കണം. പെൺകുട്ടികളെ കൊണ്ടുപോയി വേശ്യത്തരത്തിനും മറ്റും ഉപയോഗിച്ചു ചൂഷണം ചെയ്യും. ചെറുപ്പത്തിലേ പെൺകുട്ടികൾക്കു ബോധവൽക്കരണം കൊടുക്കണം. പുരുഷൻമാർ എങ്ങനെ സമീപിക്കും, എങ്ങനെ അതിനെ നേരിടണം, എന്നൊക്കെയുള്ള കാര്യങ്ങൾ ചെറുപ്പത്തിലേ അമ്മമാർ പറഞ്ഞു കൊടുക്കണം. വിദേശങ്ങളിൽ കുട്ടികൾക്ക് പടം സഹിതം കാണിച്ചു കൊടുക്കും. അതുകൊണ്ട് ഏഴും എട്ടും വയസ്സുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമൊക്കെ കാര്യങ്ങൾ അറിയാം. അവിടെ ആൺകുട്ടികളെയും പെൺകുട്ടികളെയും ചൂഷണം ചെയ്യുന്നുണ്ട്. പിന്നെ പഠിക്കാൻ കഴിവില്ലാത്ത കുട്ടികൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ എന്തെങ്കിലും പഠിച്ചിരിക്കണം. കുറച്ചു മൂല്യങ്ങൾ നമ്മൾ നിലനിർത്തിപ്പോകണം. പുതുമ തേടി പുതുമ തേടി നമ്മൾ ജീവിതരീതി മാറിക്കൊണ്ടിരുന്നാൽ ഉടുപ്പു മാറുന്നതുപോലെയാകും. അവസാനം ഉടുപ്പിനു വേണ്ടി നമ്മൾ ശരീരം മുറിക്കുന്നതുപോലെയായിരിക്കും.

**പ്രസ്ഥാനത്തിനുണ്ടായ വളർച്ചയുടെ രഹസ്യമെന്താണ്?**

നമുക്കു സത്യത്തിൽ കുഞ്ഞേ, ഒരു മതവും ഒന്നും തന്നിട്ടില്ല. രാഷ്ട്രീയവും തന്നിട്ടില്ല. വെസ്റ്റേണിൽനിന്ന് ഒരു സംഘടനയും ഇതുവരെ സഹായിച്ചിട്ടില്ല. എല്ലാവരും പറയും, സഹായിച്ചെന്ന്. പക്ഷേ, ഇല്ല. ഭക്തൻമാരു തരുന്നു. ഇവിടെ കുടുംബവും ഭാര്യയും വേണ്ടെന്ന് ഇത്രയും മക്കൾ അവരുടെ അധ്വാനവും സ്നേഹവും ലോകത്തിനു കൊടുക്കുന്നതു കൊണ്ടല്ലേ ഇതൊക്കെ കഴിയുന്നത്?

**രാഷ്ട്രീയത്തോടുള്ള കാഴ്ചപ്പാടെന്താണ്?**

എനിക്കങ്ങനെ പ്രത്യേകമായിട്ട് ഒരു രാഷ്ട്രീയവുമില്ല. ഇവിടെ കുട്ടികൾ വോട്ട് ചെയ്യാൻ പോകും.

**കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് ആശ്രമത്തിൽ നിന്ന് ഒരു ഹിന്ദുപാർട്ടിക്ക് വോട്ടു ചെയ്യണമെന്ന് ആവശ്യപ്പെട്ടു കത്തയച്ചെന്നു കേട്ടിരുന്നു...?**

ഇല്ല കുഞ്ഞേ. ചുമ്മാതെ. ഞാനൊര്ക്കലും ആരോടും അങ്ങനെ പറയുന്നില്ല. ഞാൻ കത്തുകൾ തന്നെ അയയ്ക്കാറില്ല. കത്തുകൾ എഴുതിയിട്ട് അധിക നാളുകളായി. കല്യാണത്തിന് ചില ഭക്തരുടെ ക്ഷണം കിട്ടുമ്പോൾ എഴുതിയയ്ക്കാൻ നമ്മളു ചില വാക്കുകൾ എഴുതിക്കൊടുത്തിട്ടുണ്ട്. അതേയുള്ളൂ.

**അമ്മ ഒരു സ്ത്രീയായതു കൊണ്ടാണോ ഇത്രയേറെ ആരോപണങ്ങൾ നേരിടേണ്ടിവരുന്നത്?**

അതു കുഞ്ഞേ, എന്തെന്നു വച്ചാൽ ചിലർക്ക് എന്നെ ഏതെങ്കിലും വിധത്തിൽ താഴ്ത്തിക്കെട്ടണം. ഇവിടെ എല്ലാവരുമുണ്ട് കുട്ടികൾ -കൂടുതലും കോൺഗ്രസു കുട്ടികൾ. പിന്നെ കമ്യൂണിസ്റ്റ് കുട്ടികൾ. കുറച്ച് ബി.ജെപി, ആർ.എസ്.സിലൊക്കെ പ്രവർത്തിച്ച കുട്ടികൾ. കുറേപ്പേർക്ക് ആർ.എസ്.എസിനോട് കൂറു കാണുമായിരിക്കും. കാരണം സനാതന ഹിന്ദു കുടുംബങ്ങളിൽ നിന്നുള്ളവരാണല്ലോ ഇവിടെ എത്തുന്നത്. ഞാൻ കോൺഗ്രസിനേം തള്ളുന്നില്ല, കമ്യൂണിസ്റ്റിനേം തള്ളുന്നില്ല. എല്ലാവരും ഇവിടെ വരുന്നു. പ്രോഗ്രാമിനെല്ലാം എല്ലാവരെയും വിളിക്കും. ഇവിടുത്തെ ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ വിദ്യാഭ്യാസ മന്ത്രിയാണു വന്നത്. കൂടെ ക്രിസ്ത്യൻ മന്ത്രിയായിരുന്നു. അങ്ങനെ എല്ലാവരും വരും. രാജഗോപാൽമോൻ പിന്നെ ഇവിടെ പണ്ടു മന്ത്രദീക്ഷ എടുത്തിരുന്നു. അദ്ദേഹം ശിഷ്യനെന്ന നിലയിൽ എന്നോട് ഒന്നുമാവശ്യപ്പെട്ടിട്ടില്ല. പിന്നെ ഇവിടെ ഞാനാരോടും അങ്ങനെ വോട്ടുചെയ്യണമെന്നു പറഞ്ഞിട്ടില്ല. കുട്ടികളാരെങ്കിലും ചെയ്തുകാണുമായിരിക്കും. അത് അവരുടെ ഫ്രീഡം.

അന്നു ഞാൻ തയാറാക്കിയ റിപ്പോർട്ടിൽ ഇങ്ങനെ എഴുതി: "ഇവിടെയെത്തുന്നത് പതിനായിരക്കണക്കിനാളുകൾ. ബാരിക്കേഡുകൾക്കുള്ളിൽ ഊഴം കാത്ത് അവർ തൊഴുകയ്യോടെ കാത്തുനിൽക്കും. ഓരോ ആളും അമ്മയുടെ മുന്നിലെത്തുമ്പോൾ മുട്ടുകുത്തും. മുട്ടിലിഴഞ്ഞു മുന്നോട്ടു ചെല്ലുമ്പോൾ ദേശവും പ്രായവും എന്തുമാകട്ടെ, രോഗിയോ വൃത്തിഹീനനോ ആകട്ടെ, അമ്മ രണ്ടു കയ്യും നീട്ടി ആലിംഗനം ചെയ്യും. പുരുഷനെങ്കിൽ പൊന്നുമോനേ എന്നും സ്ത്രീയെങ്കിൽ പൊന്നുമോളേ എന്നും കാതിൽ നിർത്താതെ ഉരുവിടും. വരുന്നയാൾ കുട്ടിയായിത്തീരും. അമ്മയുടെ വലതു ചുമലിൽ തലചായ്ച്ച് കിടന്ന് വലതു ചെവിയിൽ കുട്ടിക്ക് തന്റെ വേദന തുറന്നു പറയാം. അമ്മ ആശ്വസിപ്പിക്കും. മറുപടി പറയും. ഒരു മാത്ര. അതിനുള്ളിൽ അമ്മയുടെ വാൽസല്യം തേടി അടുത്ത കുട്ടി മുട്ടുകുത്തി മുന്നിലെത്തിക്കഴിയും. പൊതുജനങ്ങൾക്കു ദർശനമുള്ള ദിവസങ്ങളിൽ അമ്മ ഇരുപത്തിരണ്ടു മണിക്കൂർ വരെ അതേ ഇരിപ്പിരിക്കുമെന്ന് ആശ്രമത്തിലെ സന്ന്യാസിമാർ പറഞ്ഞു. അതിനിടെ ഭക്ഷണമുണ്ടാവില്ല. പ്രാഥമിക കൃത്യങ്ങൾക്കുവേണ്ടിപ്പോലും ഇരിപ്പിടം വിട്ട് എഴുന്നേൽക്കാറില്ല. ഒരു സാധാരണ സ്ത്രീയെക്കൊണ്ട് ഇതു കഴിയുമോ എന്ന് അദ്ഭുതപ്പെടാൻ വരട്ടെ. അമ്മ സ്ത്രീയോ എന്ന് അവർ മറുചോദ്യം ചോദിക്കും. അവർക്ക് അമ്മ വെറും സ്ത്രീയല്ല. മനുഷ്യജൻമം പോലുമല്ല. അമ്മയെ കണ്ടപ്പോൾ എം.ബി.എ. പഠനം മതിയാക്കി ആശ്രമത്തിൽ എത്തിയ സ്വാമി ധ്യാനാമൃത ചൈതന്യ, ഏത് ക്ഷേത്രത്തിൽപ്പോയാലും പ്രതിഷ്ഠയായി താൻ കാണുന്നത് അമ്മയുടെ മുഖമാണെന്നു പറയും. അമേരിക്കയിൽ അറുപതിനായിരം ഡോളർ ശമ്പളമുണ്ടായിരുന്ന ജോലി കളഞ്ഞ് എ.ഐ.സി.ടിയിൽ ശമ്പളമില്ലാത്ത അധ്യാപകനായ ജയരാജ,◌് അമ്മ ദൈവമാണെന്നു പറയും. നാലു ഭാഷകളറിയാവുന്ന സ്വാമി ശുഭാമൃത ചൈതന്യ, അമ്മയ്ക്ക് വേണ്ടി ഭക്ഷണം പോലും ഉപേക്ഷിച്ച് വിദേശ ഭക്തരുടെ

ചോദ്യങ്ങൾ ഭാഷാന്തരീകരിക്കും. അൽപ ബുദ്ധികൾ ഇതിന്റെയൊക്കെ രഹസ്യമാലോചിച്ചു തല പുകയ്ക്കും."



"കൊല്ലം ജില്ലയിലെ ഓച്ചിറയ്ക്കു സമീപം പറയ കടവെന്ന തീരദേശ കുഗ്രാമത്തിൽ, നിർധന കുടുംബത്തിൽ ജനിച്ചു വളർന്ന്, നാലാം ക്ലാസ് വരെ മാത്രം വിദ്യാഭ്യാസം നേടിയ ഒരു സ്ത്രീ. 37 വർഷത്തിനിടെ ലക്ഷക്കണക്കിനാളുകളുടെ ആത്മീയ വഴികാട്ടിയായി വളരുന്നു. പത്തു വർഷം മുമ്പ്, നാൽപതാം വയസ്സിൽ ഷിക്കാഗോയിൽ ലോകമത പാർലമെന്ററിൽ പ്രസംഗിക്കാൻ ക്ഷണം. രണ്ടു വർഷത്തിനു ശേഷം, യു.എൻ. രജത ജൂബിലി വേളയിൽ മതസമ്മേളനത്തിൽ പ്രസംഗിക്കാൻ ക്ഷണം. രണ്ടായിരാമാണ്ടിൽ യു.എൻ. മിലേനിയം സമാധാന ഉച്ചകോടിയിൽ മുഖ്യപ്രഭാഷക.. രണ്ടായിരത്തിരണ്ടിൽ മത, ആത്മീയ നേതാക്കളായ വനിതകളുടെ ആഗോള സമാധാന സമ്മേളനത്തിൽ മുഖ്യപ്രഭാഷക.. അതേ വർഷം ഗാന്ധി- കിങ് പുരസ്കാരലബ്ധി. അവിശ്വസനീയമായ നേട്ടങ്ങൾ. ഇതിനു പിന്നിൽ അമ്മയുടെ ദിവ്യശക്തിയെന്നും വിദേശസഹായത്തോടെയുള്ള ഭക്തിവിൽപനയെന്നും രണ്ടുപക്ഷം. സത്യമെന്താണ്? അമ്മയെയും അമ്മയുടെ ഭക്തരെയും ആശ്രമത്തിലെ ജീവിതത്തെയും അടുത്തു കാണുമ്പോൾ ആശയക്കുഴപ്പം തോന്നും. ഒരു വശത്ത് ഏതു പാശ്ചാത്യരാജ്യത്തോടും കിടപിടിക്കാവുന്ന തരത്തിൽ മികച്ച നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. അപാരമായ അച്ചടക്കം. ജീവനക്കാരുടെ പൂർണമായ സമർപ്പണം. മറുവശത്ത് ആധ്യാത്മികതയുടെ ജാഡകളില്ലാതെ നാട്ടിൻപുറത്തുകാരിയെപ്പോലെ സംസാരിക്കുന്ന അമ്മ. ഇടർച്ചയുള്ള ശബ്ദം. കൊല്ലം മലയാളം..."

ഇക്കഴിഞ്ഞ ദിവസം മാതാ അമൃതാനന്ദമയിയുടെ അമ്പത്തെട്ടാം പിറന്നാൾ ആഘോഷവാർത്ത പത്രത്തിൽ വായിച്ചപ്പോൾ ഞാൻ വീണ്ടും സ്വയം ചോദിച്ചു : വാസ്തവത്തിൽ എന്താണ്, എങ്ങനെയാണ് മാതാ അമൃതാനന്ദമയി? ഒരു വശത്ത്, കടലിന്റെ ഇരമ്പത്തിനും ഈർപ്പം കിനിയുന്ന മണ്ണിലെ പാവപ്പെട്ട മനുഷ്യരുടെ കുടിലുകൾക്കും തീപ്പെട്ടിക്കൂടുകൾപോലെയുള്ള വീടുകൾക്കും ഇടയിൽ കോട്ടപോലെ ഉയർന്നു നിൽക്കുന്ന ആശ്രമവും വളപ്പിനുള്ളിൽത്തന്നെയുള്ള അമ്മയുടെ സഹോദരിയുടെ ആധുനിക വില്ലായും അമ്മയുടെ അച്ഛനു നൂറിലേറെ ഫിഷിങ് ബോട്ടുകൾ സ്വന്തമായുണ്ടെന്ന വാർത്തയും. മറുവശത്ത്, നിമിഷം പ്രതി പെരുകുന്ന വിശ്വാസികളുടെ സമൂഹം. ഒരു വശത്ത്, ലക്ഷങ്ങളുടെ ഫീസ് ഈടാക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രിയും മറ്റു

സ്ഥാപനങ്ങളും. മറുവശത്ത്, നിർധനർക്കും അശരണർക്കുമായി കോടിക്കണക്കിനു രൂപയുടെ പദ്ധതികൾ. ആരൊക്കെ എന്തൊക്കെ ആരോപിച്ചാലും അമ്മയുടെ പാദങ്ങളിൽ ഒരേ സമർപ്പണത്തോടെ സംശയലേശമെന്യെ വീണിഴയുന്ന അക്ഷരശൂന്യരും മഹാപണ്ഡിതരുമായ ലക്ഷക്കണക്കിനാളുകൾ. സത്യംപറയട്ടെ, എന്നെപ്പോലെ ഒരു അൽപബുദ്ധിക്ക് ഒരിക്കലും ആ ചോദ്യത്തിന് ശരിയായ ഉത്തരം കണ്ടെത്താൻ സാധിക്കുകയില്ല.

**maruvaakku@gmail.com**